# കേരള സർവകലാശാല

നം. പി.ആർ.106/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

കേരള സർവകലാശാലയിൽ ഡോക്ടറൽതല ഗവേഷണത്തിന് 2009-ലെ യു.ജി.സി. നിബന്ധനകൾ നടപ്പിലാക്കിക്കൊണ്ടുള്ള വൈസ് ചാൻസിലറിന്റെ ഉത്തരവിൽ ഹൈക്കോടതിയുടെ ഇടക്കാല വിധി വന്നിട്ടുണ്ട്.

ഹൈക്കോടതി വിധി അനുസരിച്ച് ഗവേഷണ വിദ്യാർത്ഥികളെ അലോട്ട് ചെയ്ത സമയത്തെ റഗുലർ അദ്ധ്യാപകർ പിന്നീട് റിട്ടയർ ചെയ്തിട്ടുങ്കിലും രജിസ്ട്രേഷൻ തീയതി മുതൽ പരമാവധി അഞ്ച് വർഷക്കാലം ഗൈഡായി തുടരാൻ ഇവർക്ക് താൽകാലിക അനുമതി നൽകിയിട്ടുണ്ട്. എന്നാൽ റിട്ടയർ ചെയ്തതിനു ശേഷം ബന്ധപ്പെട്ട ഗൈഡിന് വിദ്യാർത്ഥികളെ ഗവേഷണത്തിന് അലോട്ട് ചെയ്തിട്ടുണ്ടെങ്കിൽ നിർബന്ധമായും പുനർവിന്യാസം നടത്തണമെന്ന് ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഒപ്പം അലോട്ട്മെന്റ് സമയത്ത് സർവകലാശാല വകുപ്പുകളിലെയും, ബിരുദാനന്തര കോഴ്സുകളുള്ള അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലെയും റഗുലർ അദ്ധ്യാപകർ ഒഴിച്ചുള്ള ഗൈഡുകൾക്ക് വിദ്യാർത്ഥികളെ അലോട്ട് ചെയ്തിട്ടുങ്കിലും പുനർവിന്യാസം നടത്തിയിരിക്കണം. യു.ജി.സി. നിബന്ധനകൾക്ക് വിരുദ്ധമായിട്ടുള്ള ഇത്തരം അലോട്ട്മെന്റുകളിൽ പുനർവിന്യാസം നടത്താതിരുന്നാൽ വിദ്യാർത്ഥികളുടെ ഭാവിയെ അത് പ്രതികൂലമായി ബാധിക്കുമെന്നും ഹൈക്കോടതി വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇനിമുതൽ റിട്ടയർമെന്റിന് അഞ്ച് വർഷമെങ്കിലും ബാക്കി സർവീസുള്ള റഗുലർ അദ്ധ്യാപകർക്ക് മാത്രം ഗവേഷണ വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നുള്ളുവെന്ന് സർവകലാശാല ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതി വിധിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു മാസത്തിനകം ഇക്കാര്യത്തിൽ വിയോജിപ്പ് രേഖപ്പെടുത്തി യു.ജി.സി. എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാതെ വന്നാൽ ഈ ഉത്തരവ് തുടർന്ന് നിലനിൽക്കുമെന്നും ഹൈക്കോടതി വിധിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2009-ലെ യു.ജി.സി. നിബന്ധനകൾ കേരള സർവകലാശാല നടപ്പിലാക്കിയത് തത്വത്തിൽ അംഗീകരിക്കുകയും നിബന്ധനകൾക്ക് വിരുദ്ധമായി നടന്നിട്ടുള്ള രജിസ്ട്രേഷനുകൾ പുന:പരിശോധിക്കാനും പുനർവിന്യാസം നടത്താനുമാണ് ഹൈക്കോടതി വിധിയിലൂടെ വ്യക്തമായിരിക്കുന്നത്. ഹൈക്കോടതി വിധിയ്ക്ക് വിരുദ്ധമായി അദ്ധ്യാപക സംഘടനകളും ഗവേഷണ വിദ്യാർത്ഥികളും ഉന്നയിക്കുന്ന നിയമവിരുദ്ധമായ ആവശ്യങ്ങൾ അംഗീകരിക്കാൻ സർവകലാശാലയ്ക്കാവില്ല. എൻ.സി.ടി.ഇ നിബന്ധനകൾ പാലിക്കാത്തതുകൊണ്ട് സർവകലാശാലയുടെ ബി.എഡ് കേന്ദ്രങ്ങളുടെയും യു.ജി.സി. നിബന്ധനകൾ പാലിക്കാതിരുന്നതുകൊണ്ട് വിദൂരപഠന കേന്ദ്രത്തിന്റെയും അംഗീകാരം നഷ്ടപ്പെട്ടതുപോലെ കേരള സർവകലാശാലയുടെ ഗവേഷണ ബിരുദത്തിന് മങ്ങലുണ്ടാക്കുന്ന ഒരു നടപടിയും സർവകലാശാലയുടെ ഭാഗത്ത് നിന്നുണ്ടാകില്ല. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ പകർപ്പ് പത്രക്കുറിപ്പിനൊപ്പം ചേർക്കുന്നു.

IN THE HIGH COURT OF KERALA AT ERNAKULAM

Present:

THE HONOURABLE MR.JUSTICE K.VINOD CHANDRAN

Wednesday, the 15th day of June 2016/25th Jyaishta, 1938

WP(C).No.17725/2016(M)

PETITIONERS

1. ROBERSE THOMAS, URAVIL HOUSE, KANJIRAMATTOM P.O., KOTTAYAM, PIN-686585.
2. JUSTIN K.SEBASTIAN,KIZHAKKAYIL HOUSE, KOODALLOOR P.O., KOTTAYAM-696587.
3. SHYJU M.K., MUNDUMMALKKUNNU HOUSE, MOORKKANAD P.O., KOLATHUR (VIA), MALAPPURAM DISTRICT-679338.
4. APRESHGI K.P., KOLOTHUTHARA HOUSE, PUTHUVYPU P.O., ERNAKULAM-682508.
5. ATHIRA NAGENDRAN, KIZHAKKATHIL HOUSE, NEERAZHI LANE, ULLOOR, MEDICAL COLLEGE P.O.-695011.
6. SANDEEP G., 'RESMI' KVRA-32, KARYAVATTOM P.O., THIRUVANANTHAPURAM.
7. BIJIL BABU R., VADAKKEL MUTHU VILAS, AZHOOR, PATHANAMTHITTA P.O., PIN-689645.
8. SIVAKUMAR C.K., CHOKANAD ESTATE, SOUTH DIVISION, MUNNAR P.O., IDUKKI, KERALA-685612.

RESPONDENTS

1. THE UNIVERSITY GRANTS COMMISSION (UGC) BAHADUR SHAH ZAFAR MARG, NEW DELHI-110002, REPRESENTED BY ITS SECRETARY.
2. THE KERALA UNIVERSITY, REPRESENTED BY ITS REGISTRAR, UNIVERSITY OFFICE, PALAYAM, THIRUVANANTHAPURAM.
3. THE REGISTRAR, THE KERALA UNIVERSITY, UNIVERSITY OFFICE, PALAYAM, THIRUVANANTHAPURAM.

Writ Petition (civil) praying inter alia that in the circumstances stated in the affidavit filed along with the WP(C) the High Court be pleased to stay the operation of Ext.P5 and P6 to the extent to which the 2nd Respondent has directed that a Research Supervisor shall not be eligible to continue as a Supervisor to his already existing research scholars after his/her retirement and the further direction to reallocate the existing Research Scholars to supervisors of regular faculty, pending disposal of this Writ Petition.

This petition coming on for orders upon perusing the petition and the affidavit filed in support of WP(C) and upon hearing the arguments of SMT.INDU SUSAN JACOB, Advocates for the petitioner, SRI.S.KRISHNAMOORTHY, Standing Counsel for R1 and of SRI.PAUL JACOB, Standing Counsel for R2 and R3, the court passed the following

p.t.o

K. Vinod Chandran, J

W.P.(C) Nos.17725 of 2016-M & 20438 of 2016-D

Dated this the 15th day of June, 2016

**ORDER**

The above writ petitions are filed by the research scholars under the respondent-University, contending that they are entitled to continue under the research guides allotted to them, even after the retirement of the latter. The said practice was in vogue in the University and the research guides allotted to a research scholar would be allowed to continue for the purpose of continuity of the research project, even after the retirement of the guide. There is also no allowance or remuneration given to such retired research guides. The University suspended such practice only by reason of the clarification issued by the University Grants Commission [for brevity "UGC"] as per Exhibit P3 [produced in W.P.(C) No.17725 of 2016].

2. The learned Standing Counsel for the University submits that Clause 12 of Exhibit P2 [in W.P.(C) No.17725 of 2016] read with the clarification at Exhibit P3 would restrict the University from continuing the research scholars under the

research guides, to whom they were allotted initially; but retired in the course of the research project . The learned Standing Counsel would also point out that the regulations or the clarifications have not been challenged by the petitioners.

3. Clause 12 of Exhibit P2 and the clarification at Exhibit P3 are extracted hereunder:

Clause 12:

> "The allocation of the supervisor for a selected student shall be decided by the Department in a formal manner depending on the number of student per faculty member, the available specialization among the faculty supervisors, and the research interest of the student as indicated during interview by the student. The allotment/allocation of supervisor shall not be left to the individual student or teacher".

Clarification:

> "Universities shall allocate the supervisor from amongst the regular faculty members in a department or its affiliated PG Colleges/Institutes depending on the number of students per faculty member, the available specialization among the faculty supervisors and the research interest of

the student. It is further clarified that any Ph.D./M.Phil degree awarded by a University under the supervision of a supervisor who is not a faculty member of the University or its affiliated PG Colleges/Institutes would be in violation of UGC (Minimum standards and procedure for award of M.Phil./Ph.D.) Regulations, 2009".

4. Admittedly a research scholar should normally complete the research work within a period of three years or in the extended period of another two years. Hence, on allotment, a research guide would be normally continued for five years or till the completion of the thesis and award of the degree. There is also the question of continuity, since a research scholar who initially starts a project under a research guide and proceeds considerably under his/her guidance, has to necessarily have the guidance of such research guide throughout the project; at least for the five year period in which the research project has to be completed.

5. A reading of the clauses above extracted and the clarification also does not lead to a conclusion that they stand

against such continuance of retired research guides; when they are allotted with research scholars during the period they were in service. The extracted clause would only indicate that at the time of allotment, only a regular faculty member shall be allocated as research guide. The clarification is also insofar as allocating a supervisor from amongst the regular faculty members in a department or its affiliated PG Colleges/Institutes depending on the number of students per faculty member. However, once a research scholar has been allotted to a research guide and is continued for a considerable time, merely for reason of he/she having retired, the research scholar need not be allotted to another guide.

6. In such circumstances, in the case of research guides appointed earlier to their retirement; they shall be continued even after their retirement for the entire duration of five years, which is the maximum permitted duration for completion of a research project. This shall not stand in the way of the University verifying whether the research guides appointed

initially were faculty members of the University or its affiliated PG Colleges/Institutes. If it is not so, definitely, as per the clarification, the research guide would have to be changed, failing which the carrying on of the project would go against the regulations of the UGC and would affect the students themselves. Further the University should also take care to ensure that only faculty members who have a tenure of 5 years or above should be allotted with research scholars. With the above reservation, the interim order is granted, subject to the final result of the writ petitions.

The UGC shall file its counter affidavit, if any, within a period of one month positively; failing which the contentions in the writ petition would be taken as un-controverted.

Handover the over to all sides

Sd/-
K.VINOD CHANDRAN, JUDGE

(True Copy)

Assistant Registrar

vku/-

16/6/16

EXT.P2. A TRUE COPY OF THE U.G.C. REGULATION 2009.

EXT.P3. A TRUE COPY OF THE CLARIFICATION DATED 06-07-2015 ISSUED BY U.G.C.

EXT.P5. A TRUE COPY OF THE ORDER DATED 08-01-2016.

EXT.P6. A TRUE COPY OF THE ORDER DATED 01-02-2016 ISSUED BY RESPONDENT UNIVERSITY.

## സിൻഡിക്കേറ്റ് വാർത്തകൾ

## പി.എച്ച്.ഡി നൽകും

കേരള സർവകലാശാല ആദർശ് രത്നാകരൻ, ബാബു കെ, സുരേഷ് എം, അഖില എസ്. നായർ, സുമ എസ്. സുകുമാരൻ, ദീപ ബി.എസ് (മലയാളം), ആസിഫ് മുഹമ്മദ് പി.എ (മാത്തമാറ്റിക്സ്), കിരൺ എ.ജി, ശ്രീഷ ശ്രീ, താര ജി. മേനോൻ, ദിവ്യ സറോ വർഗ്ഗീസ്, ലയ തോമസ്, ആശ എസ്, ജയലക്ഷ്മി ജി (ബയോടെക്നോളജി), രാഖി ഗോപാൽ ആർ (ജിയോളജി), രാജിബ് ചക്രബർത്തി, ദിലീപ് ഡി, ലക്ഷ്മി വിജയൻ (മാനേജ്മെന്റ് സ്റ്റഡീസ്), പ്രിയ വി, ജോൺ ജോർജ്ജ് അത്യൽ, ഷഹീൻ ഇബ്രാഹിം കുട്ടി എ.വി, ഹൈസിന്ദ് സോഫിയാ പോൾ, രാജേഷ് ചെറിയാൻ (ഇംഗ്ലീഷ്), ബിന്ദുലേഖ ഡി.എസ്, ശാലിനി എം.പി (സുവോളജി), ഷർമിള പി.പി, അനീഷ് ജോർജ്ജ്, മിനി വി.കെ, ഷീന മേരി വൈ, അനൂജ ജെ. ബാബു, ദേദില ദേവദത്തൻ, രാജീവ് ടി. ഉലഹന്നാൻ (ഫിസിക്സ്), റിയാസ് എ (സ്റ്റാറ്റിസ്റ്റിക്സ്), ആതിര എ.പി, ഷിജു ജേക്കബ് (ബയോകെമിസ്ട്രി), സുമ കെ.എസ്, പാർവ്വതി ആർ (ഹിന്ദി), ഗൗരി അന്തർജ്ജനം (സിവിൽ എൻജിനീയറിംഗ്), അനീഷ്യ പി, ശശികുമാർ സി (എഡ്യൂക്കേഷൻ), ഷെബീർ എം, ശ്രീവിദ്യ പി.വി, മധു ലാൽ എം, വിനോദ് സി, രഞ്ജിത്ത് കുമാർ ഇ.ജി, ഷഹനാസ് എസ്.ആർ, അത ടക്കേ (കൊമേഴ്സ്), സഹ്റ അക്ബറിയാൻ ബഹർ, ടി.പി സെൻകുമാർ, രാഖി ബി.ആർ (ഇക്കണോമിക്സ്), പ്രവീൺ ജി.എൽ, പാർവ്വതി ആർ, മീന ബി. നായർ, രമ്യ എം. നായർ, ലേഖ ജി.എം, അശ്വതി ആർ, നൈസി എൽസ മാത്യൂസ് (കെമിസ്ട്രി), സിന്ധ്യ സാറ ജെയിംസ് (സൈക്കോളജി), സൈജു ഡി.ഐ (ലൈബ്രറി & ഇൻഫർമേഷൻ സയൻസ്), ജി. ഷിർമിള ജോസ്, ജോതിഷ് പി.എസ്, അഖില എച്ച് (ബോട്ടണി), അനിഷ് കെ. ജോൺ (മെക്കാനിക്കൽ എൻജിനീയറിംഗ്), സിന്ധു എൽ (നഴ്സിംഗ്), ബഷീർ എം (അറബിക്), മനു എസ് (നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി), ഷിബു എസ് (സോഷ്യൽ വർക്ക്), നിശാന്ത് പി (പൊളിറ്റിക്കൽ സയൻസ്), അട്‌ലിൻ ബ്യൂല വൈ.എൻ (തമിഴ്), ജോളി ബോസ് ആർ (ഒപ്റ്റോ ഇലക്ട്രോണിക്സ്), അരുൺ എസ്.എസ് കുമാർ (ഫിസിക്കൽ എഡ്യൂക്കേഷൻ), ഹൃദ്യ എ.സി, സുചിത്ര സി.എസ് (എൻവയോണമെന്റൽ സയൻസസ്) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു

## ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ജൂൺ 23-ന് ആരംഭിക്കുന്ന അവസാന വർഷ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പരീക്ഷകൾക്ക് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പരീക്ഷ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ (റഗുലർ) രജി. നം 91403-91511 വരെയും 40005, 40060 (അഡിഷണൽ നമ്പർ) 91701 – 91757 വരെയും 88004 (അഡിഷണൽ നമ്പർ) രജി. നം 30001 – 30085 (സപ്ലിമെന്ററി) വരെയുള്ള വിദ്യാർത്ഥികൾ കുമാരപുരം കേരള യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ നിന്നു ഹാൾ ടിക്കറ്റ് വാങ്ങി അതേ സെന്ററിൽ പരീക്ഷയെഴുതണം.

തിരുവനന്തപുരം പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട ബി.സി.എ വിദ്യാർത്ഥികൾ രജി. നം 90004 – 90078 വരെ അഡിഷണൽ നമ്പർ 89009, 90401 – 90503 (റഗുലർ) വരെയും രജി. നം 31000– 31027 (സപ്ലിമെന്ററി) വരെയുള്ള വിദ്യാർത്ഥികൾ കാര്യവട്ടം കേരളാ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിൽ നിന്നു ഹാൾ ടിക്കറ്റു വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം.

കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ രജി. നം 91551 – 91611 വരെയും 91801 – 91900 (റഗുലർ) വരെയും രജി. നം 30201 – 30259 വരെയുള്ള വിദ്യാർത്ഥികൾ (സപ്ലിമെന്ററി) കൊല്ലം മൈലാപ്പൂർ ഫാത്തിമാ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിൽ നിന്ന് ഹാൾ ടിക്കറ്റ് വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം. കൊല്ലം പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട ബി.സി.എ വിദ്യാർത്ഥികൾ രജി. നം. 90601 – 90699 വരെയും 90151 – 90205 വരെയും രജി. നം. 89139 (അഡിഷണൽ നമ്പർ) (റഗുലർ) രജി. നം 31101 – 31139 (സപ്ലിമെന്ററി) വരെയും കൊല്ലം തേവള്ളി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ നിന്ന് ഹാൾ ടിക്കറ്റു വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം.

ആലപ്പുഴ പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ആലപ്പുഴ ലജ്നത്തുൾ മുഹമ്മദിയ എച്ച്.എസ്സ്.എസ്സിൽ നിന്നു ഹാൾ ടിക്കറ്റു വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം.

തൃശ്ശൂർ നമ്പൂതിരീസ് കോളേജ് പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ടവർ ഇരിങ്ങാലക്കുട താരനെല്ലൂർ ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്ന് ഹാൾ ടിക്കറ്റ് വാങ്ങി അതേ സെന്ററിൽ പരീക്ഷ എഴുതണം.

കോഴിക്കോട്, മലപ്പുറം എന്നീ പരീക്ഷാ കേന്ദ്രങ്ങൾ ആവശ്യപ്പെട്ടവർ പുന്നയൂർകുളം വനേരി എച്ച്.എസ്സ്.എസ്സിൽ നിന്ന് ഹാൾ ടിക്കറ്റ് വാങ്ങി അതേ സെന്ററിൽ തന്നെ പരീക്ഷ എഴുതണം.

കോട്ടയം സെന്റ് ഡൊമിനിക്സ് പരീക്ഷാ കേന്ദ്രമായി ആവശ്യപ്പെട്ടവർ കോട്ടയം ഏറ്റുമാനൂർ എം.സി.വർഗീസ് ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അതേ സെന്ററിൽ തന്നെ പരീക്ഷ എഴുതണം. മറ്റു കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം – പാർട്ട് ടൈം – സപ്ലിമെന്ററി), ഏഴാം സെമസ്റ്റർ 2008 സ്കീം കോഴ്സ് കോഡിൽ വരുന്ന ആറാം സെമസ്റ്റർ (പാർട്ട് ടൈം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സ് : സീറ്റൊഴിവ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിന്റെ ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി ജയം, ജി.എൻ.എം/ ബി.എസ്സി നഴ്സിംഗ്, കൂടാതെ കേരള രജിസ്ട്രേഷൻ ചെയ്തിരിക്കണം. ഫീസ് 6,000/- രൂപ. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. ഫോൺ. 0471-2302523.

## യോഗ ആൻഡ് മെഡിറ്റേഷൻ ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഏപ്രിലിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ യോഗ ആൻഡ് മെഡിറ്റേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. അഞ്ചു എൽസ ജോഗി (രജി.നം 10310) ഒന്നാം റാങ്ക് നേടി.

## സെമിനാർ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം, കാര്യവട്ടം വേദാന്ത പഠനകേന്ദ്രം, ഹോളിസ്റ്റിക്സ് ഹെൽത്ത് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സംയുക്തമായി അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ജൂൺ

21-ന് 'ജീവിതചര്യ രോഗങ്ങളുടെ നിയന്ത്രണത്തിൽ യോഗയുടെ പങ്ക്' എന്ന വിഷയത്തിൽ ഏകദിന സെമിനാർ യൂണിവേഴ്സിറ്റി സ്റ്റുഡൻസ് സെന്ററിൽ നടത്തുന്നു. പ്രോ-വൈസ് ചാൻസലർ ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങ് കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ സെമിനാർ ഉദ്ഘാടനം ചെയ്യും.

## പുസ്തക പ്രദർശനം

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ഇന്ന് (21.06.2016) മുതൽ ഒരാഴ്ചക്കാലയളവിൽ കേരള സർവകലാശാല ലൈബ്രറിയിൽ യോഗ സംബന്ധമായ പുസ്തകങ്ങളുടെ പ്രദർശനം ആരംഭിച്ചു. ലൈബ്രറി അംഗമല്ലാത്തവർക്കും ഈ പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്.

വായന വാരാഘോഷത്തോടനുബന്ധിച്ച് ജൂൺ 25 വരെ സർവകലാശാല ലൈബ്രറിയിൽ വായന സംബന്ധമായ പുസ്തകങ്ങളുടെ പ്രദർശനം നടത്തിവരുന്നു. ലൈബ്രറി അംഗമല്ലാത്തവർക്കും ഈ പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് ജൂൺ 22-ന് ലൈബ്രറി അംഗങ്ങൾക്കായി ഉപന്യാസ മത്സരവും നടത്തുന്നു. താൽപര്യമുള്ളവർ ലൈബ്രറി ഡോക്യുമെന്റേഷൻ വിഭാഗവുമായി ബന്ധപ്പെടുക.

## ബി.വോക് ടൈംടേബിൾ

കേരള സർവകലാശാല ജൂലൈ നാലിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ ബി.വോക് പ്രോഗ്രാംസ് ഇൻ സോഫ്റ്റ്വെയർ ഡവലപ്മെന്റ്, ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (റഗുലർ - 2015 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി 2014 അഡ്മിഷൻ) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ഓണേഴ്സ് പരീക്ഷ മാറ്റി

കേരള സർവകലാശാല ജൂൺ 20-ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷ ജൂലൈ 25-ന് നടത്തും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം (ഹിയറിംഗ് ഇംപയേർഡ്) ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 30-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.കോം (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അദ്വൈത വേദാന്ത പ്രഭാഷണ പരമ്പര

കേരള സർവകലാശാല കാര്യവട്ടം വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അദ്വൈത വേദാന്ത പ്രഭാഷണ പരമ്പര ജൂലൈ ആറ് മുതൽ 15 വരെ വൈകുന്നേരം സർവകലാശാല സെനറ്റ് ചേംബറിൽ നടത്തും.

## പ്രഭാഷണം

കേരള സർവകലാശാല കാര്യവട്ടം വേദാന്ത പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ജൂൺ 21 വൈകുന്നേരം അഞ്ച് മണിയ്ക്ക് സർവകലാശാല സെനറ്റ് ചേംബറിൽ സ്വാമി തത്ത്വസ്വരൂപാനന്ദ പ്രഭാഷണം നടത്തുന്നു. ഫോൺ. 8281721358.

## എം.ടെക് പ്രവേശനം : അപേക്ഷ തീയതി നീട്ടി

കേരള സർവകലാശാല ഫ്യൂച്ചർസ് സ്റ്റഡീസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പുകളിലെ എ.ഐ.സി.ടി.ഇ അംഗീകൃത എം.ടെക് (2016) പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ എട്ട് വരെ നീട്ടി. പുതുക്കിയ നോട്ടിഫിക്കേഷൻ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഫ്.എ (ഹിയറിംഗ് ഇംപയേർഡ്) ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 30-ന് തുടങ്ങുന്ന എട്ടാം സെമസ്റ്റർ, നാലാം സെമസ്റ്റർ ബി.എഫ്.എ (ഹിയറിംഗ് ഇംപയേർഡ്) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ഫലം

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ചേർഡ് - 2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 12 വരെ അപേക്ഷിക്കാം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം സപ്ലിമെന്ററി) വിദ്യാർത്ഥികളും സെഷണൽ ഇംപ്രൂവ് ചെയ്യുന്ന വിദ്യാർത്ഥികളും പ്രസ്തുത പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 27 (50 രൂപ പിഴയോടെ ജൂൺ 28, 250 രൂപ പിഴയോടെ ജൂൺ 29) വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം റഗുലർ/സപ്ലിമെന്ററി) പരീക്ഷ ജൂലൈ 11-ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ നോട്ടിഫിക്കേഷൻസ് (www.keralauniversity.ac.in) എന്ന ലിങ്കിൽ ലഭിക്കും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
20.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com
website: www.keralauniversity.ac.in